**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **14-10-2024 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപ്പാത**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ശബരി റെയിൽപ്പാത പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | 1997 - 98 ൽ ആരംഭിക്കുകയും 8 കിലോമീറ്റർ ദൂരം നിർമ്മാണം നടത്തുകയും ചെയ്ത അങ്കമാലി - ശബരി പദ്ധതി ഇപ്പോൾ റെയിൽവേ മരവിപ്പിച്ചിരിക്കുകയാണ്. |
| (ബി) | ഇതിനായി വേണ്ടിവരുന്ന സംസ്ഥാന-കേന്ദ്രവിഹിതം എത്രയാണെന്നും സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | അങ്കമാലി - എരുമേലി - ശബരി റെയിൽ പദ്ധതി പൂർണ്ണമായും ഒരു റെയിൽവേ പദ്ധതിയാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 3800 കോടി രൂപയാണ് പദ്ധതി ചിലവ്. കിഫ്ബിയുടെ കടം പൂർണമായിട്ടും സംസ്ഥാന സർക്കാരിന്റെ കട പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ ശബരി പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയാറാണ് എന്നുള്ള തീരുമാനം റെയിൽവേ ബോർഡിനെ അറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി വിഴിഞ്ഞം തുറമുഖം വരെ നീട്ടുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി വേണ്ടി വരുന്ന അധിക ചെലവ് എത്രയാണ്; ഇത് എപ്രകാരം കണ്ടെത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | അങ്കമാലി - എരുമേലി - ശബരി റെയിൽവേ വിഴിഞ്ഞം തുറമുഖം വരെ നീട്ടുന്ന പദ്ധതി റെയിൽ സാഗർ സ്കീമിൽ ഉൾപ്പെടുത്തുന്നതിനു റെയിൽവേ ബോർഡിനോട് അഭ്യർഥിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം വരെ പദ്ധതി നീട്ടുന്നതിന് ഏകദേശം 4800 കോടി രൂപ അധിക ചിലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ